# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *149 | 06.03.2018-ൽ മറുപടിക്ക്

## മ്യൂസിയങ്ങളുടെ വികസനം

ചോദ്യം

ശ്രീ. എ.പ്രദീപ് കമാർ
ശ്രീ.കെ.കുഞ്ഞിരാമൻ
ശ്രീ. കെ.ജെ.മാക്സി
ശ്രീ.ബി.സത്യൻ

മറുപടി

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിലവിലുള്ള മ്യൂസിയങ്ങളുടെ വികസനത്തിനും നവീകരണത്തിനുമായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (എ) | പുരാവസ്തു വകുപ്പിന് കീഴിൽ പുനരുദ്ധാരണ പ്പണികൾക്കായി തക്കല പത്മനാഭപുരം കൊട്ടാരത്തിൽ 52 ലക്ഷം രൂപയുടേയും, കായംകുളം കൃഷ്ണപുരം കൊട്ടാരത്തിൽ 42 ലക്ഷം രൂപയുടേയും, തൃപ്പൂണിത്തുറ പുരാവസ്തു മ്യൂസിയത്തിൽ 117 ലക്ഷം രൂപയുടേയും, തൃശ്ശൂർ ശക്തൻ തമ്പുരാൻ കൊട്ടാരത്തിൽ 60 ലക്ഷം രൂപയുടേയും, കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയത്തിൽ 25 ലക്ഷം രൂപയുടേയും ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>മ്യൂസിയം മൃഗശാലാ വകുപ്പിന്റെ തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്ന നേപ്പിയർ മ്യൂസിയത്തിൽ കെട്ടിടം പുനരുദ്ധാരണം നടത്തുന്നതിനായി സർക്കാർ നിയോഗിച്ചിട്ടുള്ള വിദഗ്ദ്ധ സമിതിയുടെ നേതൃത്വത്തിലുള്ള സംരക്ഷിത പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>തിരുവനന്തപുരം നാച്ചുറൽ ഹിസ്റ്ററി മ്യൂസിയത്തിൽ രാജ്യാന്തര നിലവാരത്തിലുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>വയനാട് ജില്ലയിലെ കങ്കിച്ചിറയിൽ പുതിയതായി ഹെറിറ്റേജ് മ്യൂസിയം നിർമ്മിച്ചു വരുന്നു. മ്യൂസിയം കെട്ടിടം നിർമ്മാണത്തിന്റെ 90% പൂർത്തിയായി കഴിഞ്ഞു. അടുത്തഘട്ടമായി ആധുനിക രീതിയിലുള്ള ഡിസ്പ്ലേ സംവിധാനം സജ്ജമാക്കുന്നതിന് ആവശ്യമായ ഡി.പി.ആർ |

| | | | |
|---|---|---|---|
| | | | തയ്യാറാക്കുന്നതിന് സർക്കാർ നോഡൽ ഏജൻസിയായ കേരള ചരിത്ര പൈതൃക മ്യൂസിയത്തെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.<br>തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട്, വയനാട് ജില്ലകളിലെ മ്യൂസിയങ്ങളിൽ ഭിന്നശേഷിക്കാരായ സന്ദർശകരുടെ ആവശ്യത്തിനായി ലിഫ്റ്റ്, റാമ്പ്, പാർക്കിംഗ് സംവിധാനം, സ്പെഷ്യൽ ടോയ് ലറ്റുകൾ എന്നിവ ഏർപ്പെടുത്തി. കൂടാതെ നേപ്പിയർ മ്യൂസിയത്തിൽ വിഭിന്ന ശേഷിക്കാർക്കായി ആധുനിക രീതിയിലുള്ള ഡിജിറ്റൽ സംവിധാനത്തിലൂടെയുള്ള പ്രദർശന വസ്തുക്കളുടെ വിവരങ്ങൾ, ഷോർട്ട് ഫിലിമുകൾ, ശ്രവ്യ സംവിധാനം, ലൈറ്റിംഗ് സംവിധാനങ്ങൾ തുടങ്ങിയ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>കോഴിക്കോട് ആർട്ട് ഗ്യാലറി ആന്റ് കൃഷ്ണമേനോൻ മ്യൂസിയം പുനരുദ്ധാരണം നടത്തുന്നതിന് ആദ്യമായി മ്യൂസിയം കെട്ടിടം നവീകരിക്കുന്നതിനുള്ള നടപടികൾ പുരാവസ്തു വകുപ്പുമായി ചേർന്ന് നടപ്പിലാക്കി വരുന്നു. ആയതിന്റെ സംരക്ഷിത പ്രവർത്തനങ്ങൾ ആരംഭിച്ച് കഴിഞ്ഞു.<br>തിരുവനന്തപുരം നേപ്പിയർ മ്യൂസിയം നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് കെട്ടിടത്തിന്റെ കൺസർവേഷൻ, പ്രദർശന വസ്തുക്കളുടെ സംരക്ഷണം, ഡിസ് പ്ലേ ആൻഡ് ലൈറ്റിംഗ് സംവിധാനം എന്നിവയുമായി ബന്ധപ്പെട്ട് വിദേശ യൂണിവേഴ്സിറ്റിയായ അപ്ലൈഡ് ആർട്ട്സ് ഓഫ് വിയന്നയിലെ പ്രഗത്ഭരുടെ നേതൃത്വത്തിൽ നിരവധി വർക്ക്ഷോപ്പുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുകയും, തൻനിമിത്തം ലഭിച്ച അറിവുകൾ ഉൾക്കൊണ്ട് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകി വരികയും ചെയ്യുന്നു,<br>തൃശ്ശൂർ സ്റ്റേറ്റ് മ്യൂസിയം മൃഗശാലയിലെ ആർട്ട് മ്യൂസിയം പുനരുദ്ധാരണം നടത്തുന്നതിന് കേരള നിർമ്മിതി കേന്ദ്രവുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുകയും, ഇതിനാവശ്യമായ എസ്റ്റിമേറ്റ് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. . |

| | | | |
|---|---|---|---|
| (ബി) | മ്യൂസിയങ്ങളുടെ നവീകരണത്തിനായി നടപ്പ സാമ്പത്തിക വർഷം എത്ര കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്; | (ബി) | പുരാവസ്തു വകുപ്പിലെ മ്യൂസിയങ്ങളുടെ നവീകരണത്തിനായി നടപ്പ സാമ്പത്തിക വർഷം മ്യൂസിയം വികസനവും പ്രദർശന തന്ത്രങ്ങളും എന്ന ശീർഷകത്തിൽ 6,50,00,000/- (ആറ് കോടി അൻപത് ലക്ഷം രൂപ) രൂപയും ജില്ലാ പൈതൃക മ്യൂസിയം എന്ന ശീർഷകത്തിൽ 5,00,00,000/- കോടി (അഞ്ച് കോടി രൂപ) രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br>മ്യൂസിയം മൃഗശാലാ വകുപ്പിലെ മ്യൂസിയങ്ങളുടെ വികസനത്തിനും നവീകരണത്തിനുമായി 12 കോടി രൂപയാണ് നടപ്പ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരി ക്കുന്നത് |
| (സി) | എല്ലാ ജില്ലകളിലും പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ? | (സി) | പുരാവസ്തു വകുപ്പ് സ്ഥാപിക്കാനുദ്ദേശിക്കുന്ന ജില്ലാപൈതൃക മ്യൂസിയങ്ങളിൽ 6 ജില്ലകളിലെ ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പണികൾ കേരള മ്യൂസിയം ഏറ്റെടുത്തിട്ടുണ്ട്. അവയുടെ നിലവിലുള്ള ഘട്ടങ്ങൾ താഴെ പറയുന്നു.<br>**തിരുവനന്തപുരം** :- ജില്ലാ പൈതൃക മ്യൂസിയം ശ്രീപാദം കൊട്ടാരത്തിലാണ് സ്ഥാപിക്കുന്നത്. കെട്ടിടത്തിന്റെ നവീകരണം അവസാന ഘട്ടത്തിലാണ്. നാലുകെട്ട്, കുളം എന്നിവയുടെ നവീകരണം പൂർത്തിയായി. മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനുള്ള താൽപര്യപത്രം അംഗീകരിച്ചു.<br>**പത്തനംതിട്ട**:- ജില്ലാ പൈതൃക മ്യൂസിയം കോന്നി ആനത്താവളത്തിലാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. കെട്ടിടങ്ങളുടെ നവീകരണം അവസാന ഘട്ടത്തിലാണ്. മ്യൂസിയം സ്ഥാപിക്കുന്നതി നാവശ്യമായ പുരാവസ്തുക്കളുടെ ശേഖരണം ആരംഭിച്ചു.<br>**എറണാകുളം** :- ജില്ലാ പൈതൃക മ്യൂസിയം ഫോർട്ട് കൊച്ചിയിലെ ബാസ്റ്റ്യൺ ബംഗ്ലാവിലാണ് സ്ഥാപിക്കുന്നത്. മ്യൂസിയം സ്ഥാപിക്കുന്നത് ഭാഗികമായി പൂർത്തീകരിച്ചു. അന്താരാഷ്ട്ര നിലവാരത്തിൽ ടി മ്യൂസിയം സ്ഥാപിക്കുന്നതിന് വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശ പ്രകാരം വിവിധ സ്ഥാപനങ്ങളിൽ നിന്നും വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിന് താൽപര്യപത്രം ക്ഷണിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | **ഇടുക്കി.** ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ കെട്ടിടത്തിലാണ് ജില്ലാ പൈതൃക മ്യൂസിയം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്.മ്യൂസിയം സജ്ജീകരിക്കുന്നതിനാവശ്യമായ പുരാവസ്തുക്കളുടെ ശേഖരണം നടത്തി വരുന്നു.<br>**തൃശ്ശൂർ** :- ജില്ലാ പൈതൃക മ്യൂസിയം കൊല്ലംകോട് കൊട്ടാരത്തിലാണ് സ്ഥാപിക്കുന്നത്. പണികൾ പൂർത്തിയായി. വൈകാതെ പൊതുജനങ്ങൾക്ക് തുറന്ന് കൊടുക്കും.<br>**പാലക്കാട്**:- ജില്ലാ പൈതൃക മ്യൂസിയം കൽപാത്തിയിൽ പാലക്കാട് മണി അയ്യർ ഹാളിലാണ് സ്ഥാപിക്കുന്നത്. കെട്ടിടത്തിന്റെ നവീകരണം പൂർത്തിയായി . പ്രദർശനത്തിനായി സംഗീത ഉപകരണങ്ങൾ ശേഖരിച്ചിട്ടുണ്ട്. മ്യൂസിയം സജ്ജീകരണത്തിന് നടപടി സ്വീകരിച്ച് വരുന്നു.<br>**വയനാട്** :- ജില്ലാ പൈതൃക മ്യൂസിയം മാനന്തവാടി പഴശ്ശി കുടീരത്തിലാണ് സ്ഥാപിക്കുന്നത്. കെട്ടിടത്തിന്റെ നവീകരണം, ക്യാമറകൾ സ്ഥാപിക്കൽ എന്നിവ പൂർത്തിയായി. ചുറ്റുമതിൽ നിർമ്മാണം, സന്ദർശകർക്കുള്ള ശുചിമുറി നിർമ്മാണം എന്നിവ പുരോഗതിയിലാണ്. സന്ദർശകരെ അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**